**പതിനഞ്ചാം കേരള നിയമസഭ**
**<u>രണ്ടാം സമ്മേളനം</u>**

**കേരള സർക്കാർ**

നമ്പർ.പി1/179/2021/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (പി) വകുപ്പ്
തിരുവനന്തപുരം, തിയതി: 13.07.2021

## സർക്കുലർ

വിഷയം: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം - നിയമസഭാസമ്മേളന കാലത്ത് പാലിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന: കേരളനിയമസഭാസെക്രട്ടറിയുടെ 08.07.2021 ലെ ബുള്ളറ്റിൻ നമ്പർ 45, ഭാഗം 2.

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം **2021 ജൂലൈ 21 മുതൽ ആഗസ്റ്റ് 18 വരെ** കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. ബഹു. മുഖ്യമന്ത്രി, ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി എന്നിവർ നിയമസഭാചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| **ബഹു. മുഖ്യമന്ത്രി** | **2021 ജൂലൈ 21, 28, ആഗസ്റ്റ് 04, 11, 18** |
| **ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി** | **2021 ജൂലൈ 27, ആഗസ്റ്റ് 03, 10, 17** |

ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി മറുപടി നൽകേണ്ട നിയമസഭാചോദ്യങ്ങൾക്കും ഈ വകുപ്പുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ട ചോദ്യങ്ങൾക്കും യഥാസമയം മറുപടി നൽകുന്നതിനും നിയമസഭാസമ്മേളനവുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**(1)** നിയമസഭാചോദ്യങ്ങൾ നിയമസഭയുടെ വെബ് സൈറ്റിൽ (**www.niyamasabha.org**) നിന്ന് നേരിട്ട് ഡൗൺലോഡ് ചെയ്ത് മറുപടി തയ്യാറാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ യഥാസമയം ആരംഭിക്കേണ്ടതാണ്.

**(2)** നിയമസഭാചോദ്യങ്ങളുടെ മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ താഴെയുള്ള ഓഫീസുകളിൽ നിന്നും സമയബന്ധിതമായി ശേഖരിക്കുന്നതും ചോദ്യങ്ങളുടെ കരട് മറുപടികൾ തയ്യാറാക്കി മറുപടി നൽകേണ്ട തീയതിയുടെ <u>3 പ്രവൃത്തി ദിവസം മുൻപുതന്നെ</u> ബഹു.മുഖ്യമന്ത്രി / ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരത്തിനായി ഫയലുകൾ ബഹു.മന്ത്രിയുടെ ഓഫീസിൽ സമർപ്പിക്കുന്നതും ഉന്നതവിദ്യാഭ്യാസവകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

**(3)** നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമം ഓൺലൈനായി നടത്തുവാൻ നിയമസഭാസെക്രട്ടേറിയറ്റ് നിശ്ചയിച്ചിട്ടുള്ളതിനാൽ **നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി ചോദ്യദിവസത്തിന്റെ തലേദിവസം 3 PM-ന് മുൻപായി ഓൺലൈനായി ഇ-നിയമസഭാ ആപ്ലിക്കേഷനിൽ ലഭ്യമാക്കേണ്ടതാണ്.** അംഗീകരിച്ച മറുപടിയുടെ മൂന്നു പകർപ്പുകൾ (*സെക്ഷൻ ഓഫീസർ നീല മഷിയിൽ ഒപ്പിട്ടത്*) ചോദ്യദിവസത്തിന്റെ തലേദിവസം 3 PM-ന് മുൻപായി ഉന്നതവിദ്യാഭ്യാസ (പി) വകുപ്പിൽ എത്തിക്കേണ്ടതുമാണ്.

**(4)** ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ, അടിയന്തിര ചോദ്യം മുതലായവയും സത്വരമായി പരിഗണിക്കേണ്ടതും ബന്ധപ്പെട്ട ഫയൽ ആവശ്യമായ രേഖകൾ സഹിതം നേരത്തേ തന്നെ ബഹു.മന്ത്രിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

**(5)** നിയമസഭാസമ്മേളനകാലത്ത് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും, അടിയന്തിര സാഹചര്യങ്ങളിൽ, അവധിദിനങ്ങൾ കണക്കാക്കാതെ ജോലിയ്ക്ക് ഹാജരാകേണ്ടതും ഉത്തരവാദിത്തങ്ങൾ കൃത്യതയോടെ നിർവ്വഹിക്കേണ്ടതുമാണ്. ജീവനക്കാർ അവധി ആവശ്യമുള്ള അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെട്ട അണ്ടർ സെക്രട്ടറി / അതിനുമേലെയുള്ള ഓഫീസർമാരുടെ അനുവാദം തേടേണ്ടതുമാണ്.

ഈ സമ്മേളന കാലത്തെ സഭാനടപടികളുടെ കലണ്ടറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**സന്തോഷ് കുമാർ എസ്.ആർ.**
ഗവ. അഡിഷണൽ സെക്രട്ടറി

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

സാമൂഹ്യനീതി വകുപ്പ്.

നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

<u>പകർപ്പ്:</u>

ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്.-ന്.